# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 838 30.06.2015 - ൽ മറുപടിക്ക്

## മംഗലം ഡാം കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ചന്ദ്രൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം കുടിവെള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ; | (എ) മംഗലം ഡാം സ്രോതസ്സാക്കിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് പ്രാരംഭഘട്ടമായി 20 കോടി രൂപയ്ക്ക് G.O.(Rt) No.954/2014/WRD Dated 08/10/2014 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കണ്ണമ്പ്ര പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തി എസ്.ഒ.ആർ. 2012 പ്രകാരം 82 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള ഡി.എസ്.ആർ. 2014 റേറ്റ് അനുസരിച്ച് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനോടൊപ്പം എസ്റ്റിമേറ്റ് പുതുക്കി വരുന്നു.<br><br>ജലശുദ്ധീകരണശാല, ഉന്നതതല സംഭരണി എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറി ലഭിച്ചിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ജലസേചന വകുപ്പും വാട്ടർ അതോറിറ്റിയും തമ്മിൽ പ്രസ്തുത പദ്ധതി നടത്തിപ്പു സംബന്ധിച്ച് നിലവിൽ തർക്കം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) (സി) & (ഡി) | മംഗലം ഡാമിനകത്ത് ഇൻടേക്ക് വെൽ, ജല ശുദ്ധീകരണശാല, ഉന്നതതല ജലസംഭരണി എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായി വരുന്ന അനുയോജ്യമായ സ്ഥലം അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് സഹിതം ഇറിഗേഷൻ വകുപ്പിന് ലഭിച്ചിട്ടുണ്ട്. ഇതു പരിശോധിച്ചു വരുകയാണ്. |
| (സി) | ഉണ്ടെങ്കിൽ എന്തിന്റെ പേരിലാണ് തർക്കം നിലനില്ക്കുന്നതെന്നു വ്യക്തമാക്കാമോ; | | |
| (ഡി) | പ്രസ്തുത തർക്കം പരിഹരിച്ച് പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ